**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കുന്നംകുളം നഗരസഭ ടൗൺഹാൾ നവീകരണ പ്രവർത്തിക്കായി കെ.യു ആർ.ഡി.എഫ്.സി യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.46/17/തസ്വഭവ — തിരുവനന്തപുരം, തീയതി :07.01.2017

---

പരാമർശം - 1.സ.ഉ.(എം.എസ്)നം.147/2009/തസ്വഭവ തീയതി 29/07/2009.
2.കുന്നംകുളം നഗരസഭ സെക്രട്ടറിയുടെ 10/02/2016 തീയതിയിലെ എ 1-ഇ 1-484/15 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 10/02/2016 – ലെ ഡി.സി.3-3803/16 നമ്പർ കത്ത്.
4.മാനേജിംഗ് ഡയറക്ടർ, കെ.യു ആർ.ഡി.എഫ്.സിയുടെ 04.09.15 തീയതിയിലെ കെ.യു ആർ.ഡി.എഫ്.സി/ യു.എൽ.ബി/377/15 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കുന്നംകുളം നഗരസഭ ടൗൺഹാൾ നവീകരണ പ്രവർത്തിക്കായി കെ.യു ആർ.ഡി.എഫ്.സി യിൽ നിന്നും 64,35,000/-രൂപ(അറുപത്തിനാല് ലക്ഷത്തിമുപ്പത്തി അയ്യായിരം രൂപ മാത്രം) വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് കുന്നംകുളം നഗരസഭ സെക്രട്ടറി സൂചന രണ്ട് പ്രകാരം അപേക്ഷിച്ചിരുന്നു.സൂചന മൂന്ന് പ്രകാരം നഗരകാര്യ ഡയറക്ടർ പ്രസ്തുത അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്.

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന്റെയും പരാമർശം മൂന്നിലെ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കുന്നംകുളം നഗരസഭ ടൗൺഹാൾ നവീകരണ പ്രവർത്തിക്കായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 64,35,000/-രൂപ(അറുപത്തിനാല് ലക്ഷത്തിമുപ്പത്തി അയ്യായിരം രൂപ മാത്രം)വായ്പയെടുക്കുന്നതിന് ലോക്കൽ അതോറിറ്റീസ് ലോൺ ആക്റ്റ് സെക്ഷൻ മൂന്ന് പ്രകാരം കുന്നംകുളം നഗരസഭയ്ക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.കെ മോഹനകുമാർ**
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് വേണ്ടി

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
സെക്രട്ടറി, കുന്നംകുളം നഗരസഭ
മാനേജിംഗ് ഡയറക്ടർ, കെ.യു ആർ.ഡി.എഫ്.സി,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ